പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1035

01.07.2015-ൽ മറുപടിയ്ക്ക്

## അസിസ്റ്റന്റ് പ്രൊഫസർമാരുടെ റെഗുലറൈസേഷൻ

**ചോദ്യം**

ശ്രീ.ഇ.കെ.വിജയൻ

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർമാരുടെ റെഗുലറൈസേഷൻ സംബന്ധിച്ച ചട്ടങ്ങൾ ലഭ്യമാക്കാമോ ; | (എ) & (ബി) | ഗസറ്റഡ് ഉദ്യോഗസ്ഥരുടെ നിയമനങ്ങൾ റഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ 16.08.2013 -ലെ G.O.(P) 23/13/P&ARD നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട് പകർപ്പ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | റെഗുലറൈസേഷന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; | | |
| (സി) | ഈ സർക്കാരധികാരമേറ്റ ശേഷം വിവിധ വിഷയങ്ങളിലായി അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ എത്ര നിയമനം നടത്തിയിട്ടുണ്ട് ; വിശദമായ ലിസ്റ്റും തീയതിയും ഉൾപ്പെടെ ലഭ്യമാക്കുമോ ; | (സി) | വിവിധ വിഷയങ്ങളിലായി 810 പേർക്ക് അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ട്. വിഷയം തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം 2 -ായി ചേർത്തിരിക്കുന്നു. |
| (ഡി) | ഈ ലിസ്റ്റിൽ റെഗുലറൈസ് ചെയ്യാത്ത എത്രപേരുണ്ട് ; ഓരോന്നിന്റേയും കാരണം വിശദമാക്കാമോ ; | (ഡി) | ആകെയുള്ള 810 പേരിൽ റഗുലറൈസ് ചെയ്യാത്ത 795 അദ്ധ്യാപകരുണ്ട്. പി.എസ്.സി. ആവശ്യപ്പെട്ട രേഖകൾ സമർപ്പിച്ച 274 പേരുടെ അപേക്ഷ പി.എസ്.സി. -യ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ബാക്കി 521 പേരുടെ അപേക്ഷ പി.എസ്.സി. - യ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ സ്വീകരിച്ചുവരുന്നു.<br>പേഴ്സണൽമെമ്മോറാണ്ടം, ഐ.ഡി. സർട്ടിഫിക്കറ്റിന്റെ പകർപ്പ്, 14.12.2010 -ന ശേഷം പി.എസ്.സി. മുഖേന അഡ്വൈസ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ സമർപ്പിച്ചിട്ടുള്ള അദ്ധ്യാപകരുടെ ലിസ്റ്റ് പി.എസ്.സി. -യ്ക്ക് വെരിഫിക്കേഷന് കൊടുത്തിട്ടുണ്ട്. അദ്ധ്യാപകരുടെ നിയമനം റഗുലറൈസ് ചെയ്യുന്നതിന് പി.എസ്.സി. വെരിഫിക്കേഷൻ റിപ്പോർട്ടിനോടൊപ്പം പോലീസ് വെരിഫിക്കേഷൻ, നെറ്റ്/പി.എച്ച്.ഡി. വെരിഫിക്കേഷൻ, എന്നിവ കൂടി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ നിയമനം ക്രമീകരിച്ച് ഉത്തരവ് നൽകുവാൻ കഴിയുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഇ) | റഗുലറൈസേഷൻ നടപടികൾ സമയബന്ധിതമായി നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ; | (ഇ) | പോലീസ് വെരിഫിക്കേഷൻ, നെറ്റ്/പി.എച്ച്.ഡി. വെരിഫിക്കേഷൻ, പി.എസ്.സി. വെരിഫിക്കേഷൻ, എന്നിവയുടെ റിപ്പോർട്ട് ലഭിക്കുവാനുള്ള കാലതാമസം കാരണമാണ് സമയ ബന്ധിതമായി സർവ്വീസ് റഗുലറൈസ് ചെയ്യുവാൻ കഴിയാത്തത്. |
| (എഫ്) | പ്രസ്തുത റെഗുലറൈസേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വകുപ്പുതലത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ ; | (എഫ്) | റഗുലറൈസേഷൻ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ജി) | ഇല്ലെങ്കിൽ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ സാങ്കേതിക കാരണം വിശദമാക്കുമോ ? | (ജി) | പോലീസ് വെരിഫിക്കേഷൻ, നെറ്റ് വെരിഫിക്കേഷൻ, പി.എസ്.സി. വെരിഫിക്കേഷൻ, എന്നിവയുമായി ബന്ധപ്പെട്ട കാലതാമസം കുറയ്ക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

1/1/18

സെക്ഷൻ ഓഫീസർ